**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2738** **13-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് വായ്പ എഴുതിത്തള്ളൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31/03/2015 ലെ സ.ഉ.(പി) നം. 24/2015/ പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാർ എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിരുന്നതുമായ പലിശയും, പിഴപ്പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിന് 01.10.2015 സ.ഉ.(അ) നമ്പർ 71/2015പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രളയങ്ങളുടെയും, കോവിഡ് പ്രതിസന്ധിയുടെയും ഈ കാലഘട്ടത്തിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വായ്പ എഴുതിത്തള്ളൽ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ടി വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. (പരിശോധിക്കുന്നതാണ്). |

സെക്ഷൻ ഓഫീസർ